# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2001-02 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.15, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 എന്നിവ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ തുകകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.2012/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:28/06/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 16/06/2015-ലെ എം3-16567/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 06/10/2015-ലെ L.F.9101/ P.T1//2015-ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2010-2011 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരം റോഡിതര സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ-അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി ചെലവുചെയ്ത 84,990/-(എൺപത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. 2001-2002 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-15 പ്രകാരം പോഷകാഹാര വിതരണത്തിനായി സർക്കാർ നിഷ്കർഷിച്ച പരിധി കവിഞ്ഞ് ചെലവാക്കിയ 20,532/-(ഇരുപതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 13/02/2015 ലെ Vാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ,ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. .

ടി വിഷയത്തിൽ പരാമർശം (2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ

ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ 3-3, 2-15 എന്നീ ഖണ്ഡികകൾ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ വിശദീകരണം , പദ്ധതിയുടെ കാലപ്പഴക്കം പരിഗണിച്ചും പദ്ധതിയുടെ ഉദ്ദേശ ശുദ്ധി പരിഗണിച്ചും കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2010-2011 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരം റോഡിതര സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ-അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി ചെലവുചെയ്ത 84,990/-(എൺപത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) രൂപയുടേയും 2001-2002 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-15 പ്രകാരം പോഷകാഹാര വിതരണത്തിനായി സർക്കാർ നിഷ്കർഷിച്ച പരിധി കവിഞ്ഞ് ചെലവാക്കിയ 20,532/-(ഇരുപതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) രൂപയുടേയും ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിദ്ധാർത്ഥൻ.എസ്,
ഡെപ്യൂട്ടിസെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, കോട്ടയം
സെക്രട്ടറി, മാടപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ